**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 977 10.06.2019-ലെ മറുപടി

**മാനന്തവാടി കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ. ആർ. കേളു** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി കുടിവെള്ള പദ്ധതിയിൽ നിന്നും എത്ര കുടുംബങ്ങൾക്കാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്; വിശദമാക്കാമോ; | എ) കിഫ്ബി വഴി നടപ്പിലാക്കിയ മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ പദ്ധതിയിൽനിന്നും 18985 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കും. |
| ബി) കിഫ്ബിയിൽ നിന്നും എത്ര കോടി രൂപയാണ് ഈ പദ്ധതിയ്ക്ക് ധനസഹായമായി ലഭിച്ചത്; | ബി) കിഫ്ബിയിൽ നിന്നും 18 കോടി രൂപയാണ് ഈ പദ്ധതിയ്ക്ക് ധനസഹായമായി ലഭിച്ചത് |
| സി) കിഫ്ബിയിൽ നിന്നും ലഭിച്ച തുക കൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | സി) 1. 300mm മുതൽ 150 mm വരെയുള്ള ഡി.ഐ. പൈപ്പ് 31604 മീറ്റർ സ്ഥാപിച്ചു.<br>2. 110mm മുതൽ 90mm വരെയുള്ള പിവിസി പൈപ്പ് 43810 മീറ്റർ സ്ഥാപിച്ചു.<br>3. മാനന്തവാടിയിൽ ഒരു വിതരണടാങ്കും എടവക 2/4 -ൽ ഒരു ടാങ്കും നിർമ്മിച്ചു. പയ്യമ്പള്ളി ടാങ്കിലേക്ക് വെള്ളം എത്തിക്കാൻ 8000 മീറ്റർ, 150 എം.എം. ഡി.ഐ പൈപ്പ് സ്ഥാപിച്ചു.<br>4. ഗവൺമെന്റ് കോളേജിലെ നിലവിലെ ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നതിനു വേണ്ടിയുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചു.<br>5. 40 എച്ച്പിയുടെ 2 പമ്പ് സെറ്റുകൾ സ്ഥാപിച്ചു.<br>6. ട്രാൻസ്ഫോർമറിന് ചുറ്റും റീട്ടെയ്നിംഗ് വാൾ നിർമ്മിച്ചു.<br>7. 4 മീറ്റർ വീതിയിൽ ജലശുദ്ധീകരണശാലയിലേക്ക് റോഡ് നിർമ്മിച്ചു.<br>8. 2750 ഗാർഹിക കണക്ഷൻ മാറ്റി നൽകുന്ന പ്രവർത്തി പൂർത്തീകരിച്ചു. |

Renuka Sankar

സെക്ഷൻ ഓഫീസർ